[5-5-84]

Government of Kerala
1982

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday, 21st December 1983 / 30th Agrahayana 1905 (saka) [No. 1525

1961-ലെ കേരളാ സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21-ാം ആക്റ്റ്) 9 (5) പ്രകാരമുള്ള നോട്ടീസ്

A-1011/83.

1983 ഡിസംബർ 12.

താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതും 1961-ലെ കേരളാ സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21-ാം ആക്റ്റ്) പ്രകാരം ഒരു പൊതുക്കാര്യത്തിന് ആവശ്യമായിട്ടുള്ളതുമായ ഭൂമി കൈവശപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് ഇതിനാൽ നോട്ടീസ് നൽകിയിരിക്കുന്നു. പ്രസ്തുത ഭൂമിയിൽ അവകാശബന്ധമുള്ള എല്ലാവരും നേരിട്ടോ, അധികൃത ഏജൻറ് മൂലമോ താഴെ പറയുന്ന തീയതിയിലും സ്ഥലത്തും, സമയത്തും ഹാജരാകുകയും ഭൂമിയിൽ അവരോരോരുത്തർക്കുമുള്ള അവകാശ ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം നഷ്ട പ്രതിഫലത്തിന് അവർക്കുള്ള തേർച്ചയുടെ തുകയും വിവരങ്ങളും ആക്റ്റ് 8-ാം വകുപ്പു പ്രകാരം എടുത്തിട്ടുള്ള അളവ് സംബന്ധിച്ച് വല്ല ആക്ഷേപവുമുണ്ടെങ്കിൽ, അതും ഏതാണെന്നു കാണിച്ചു കൊണ്ട് പ്രസ്താവനചെയ്യുകയും അവരോ അവരുടെ ഏജൻറുമാരോ എഴുതിപ്പിട്ട ഒരു സ്റ്റേറ്റുമെൻറ് സമർപ്പിക്കുകയും ചെയ്യണമെന്ന് അവരോട് ആവശ്യപ്പെടുന്നു.

കുറിപ്പ്:—അവകാശബന്ധമുള്ളവർ നഷ്ടപ്രതിഫലത്തിന് തേർച്ച ചെയ്യാൻ കൂട്ടാക്കാതിരിക്കുകയോ, മതിയായ കാരണമില്ലാതെ അങ്ങനെ തേർച്ച ചെയ്യാൻ വീഴ്ച ചെയ്യുകയോ ചെയ്യുന്നപക്ഷം അവരുടെ അപേക്ഷയിൻമേൽ കോടതിക്ക് റഫറൻസ് അയക്കുന്ന സംഗതിയിൽ കോടതി വിധിച്ചു കൊടുക്കുന്ന തുക യാതൊരു സംഗതിയിലും, ആക്റ്റ് 11-ാം വകുപ്പു പ്രകാരം കളക്ടർ വിധിച്ചു കൊടുക്കുന്ന തുകയിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

33/5570/B

ഹാജരാകേണ്ട തീയതിയും സമയവും, സ്ഥലവും—29-12-1983-ാം തീയതി കാലത്ത് 11 മണിക്ക് ആലപ്പുഴ റെയിൽവേ സ്ഥലമെടുപ്പ് സ്പെഷ്യൽ തഹശീൽദാർ മുമ്പാകെ.

ഭൂമിയുടെ വിവരണം

ജില്ല— ആലപ്പുഴ.

താലൂക്ക്—അമ്പലപ്പുഴ.

വില്ലേജ്—ആര്യാട് തെക്ക്.

സർവ്വേനമ്പർ—386/1A2.

വിവരണം—പുരയിടം.

വിസ്തീർണ്ണം—0.360 ആർ.

(ഒപ്പ്)

സ്പെഷ്യൽ തഹശീൽദാർ,

(എൽ. എ.) റെയിൽവേ,

ആലപ്പുഴ.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1983.

Government of Kerala
1983

Reg. No. KL/TV(N)/1"

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday, 21st December 1983 / 30th Agrahayana 1905 [No. 1526

GOVERNMENT OF KERALA

Local Administration and Social Welfare (D) Department

NOTICE

No. 22209|D1|80|LA&SWD. *Dated, Trivandrum, 16th December, 1983.*

The following draft of certain rules further to amend the Kerala Municipal Corporations Accounts Rules, 1967 issued under Notification in G. O. Ms. 335|67|DD dated the 23rd October, 1967, and published as S. R. O. No. 342|67 in the Kerala Gazette No. 45 dated the 14th November, 1967, which the Government of Kerala propose to make in exercise of the powers conferred by clauses (d) and (e) of sub-section (2) of section 367 of the Kerala Municipal Corporations Act, 1961 (30 of 1961), is hereby published for general information as required by section 368 of the said Act.

Notice is hereby given that the said draft will be taken up for consideration on or after 23-1-1984 and that any objection or suggestion received from any person in this regard before the date specified above shall be considered by Government. Objection or suggestions, if any, shall be addressed to the Commissioner and Secretary to Government, Local Administration and Social Welfare (D) Department, Secretariat, Trivandrum.

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Municipal Corporations Accounts (Amendment) Rules, 1983.

(2) They shall come into force atonce.

2. *Amendment.*—In the Kerala Municipal Corporations (Account) Rules, 1967, Note (iii) under rule 41 shall be omitted.

By order of the Governor,

C. GOPALAKRISHNAN,

Deputy Secretary.

Explanatory Note

As per G. O. (P) 102|83 (485) Fin. dated 21-2-1983, Government have ordered that salary of Government employees for a month will be disbursed during the first three working days of the succeeding month. But by virtue of the amendment issued [ie. Note (iii) under Rule 41 in G. O. Ms. No. 108|80|LA & SWD dated 9-5-1980] to the Kerala Municipal Corporations (Accounts) Rules, 1967 the Corporation employees alone now enjoy the benefit of earlier disbursement of salary. In order to have uniformity in the disbursement of pay and allowances to Municipal and Corporation Employees, the above provision in the Kerala Municipal Corporations (Accounts) Rules, 1967 has to be deleted. Hence the Government propose to make the above amendment.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1983.

© Government of Kerala
1983

Reg. No. KL/TV(N)/1!

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Wednesday, 21st December 1983 / 30th Agrabayana 1905 [No. 1527

കേരള സർക്കാർ

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ. 80982/എസ്റ്റാ. സി. 5/83/ഫിൻ. തിരുവനന്തപുരം,
തീയതി 1983 ഡിസംബർ 14.

കോഴിക്കോടു ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ഫെറോക്ക് ആസ്ഥാനമാക്കി ഈ വിജ്ഞാപനം ഗവൺമെന്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തി പതിനഞ്ച് ദിവസത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പുതിയ ഒരു സബ്ട്രഷറി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

താഴെ പറയുന്ന പഞ്ചായത്തുകൾ ഈ ട്രഷറിയുടെ അധികാരപരിധിയിൽ വരുന്നതാണ്.

1. ഫെറോക്ക് — പഞ്ചായത്ത്
2. ബേപ്പൂർ — പഞ്ചായത്ത്
3. രാമനാട്ടുകര — പഞ്ചായത്ത്
4. ചെറുവണ്ണൂർ — പഞ്ചായത്ത്
5. കടലുണ്ടി — പഞ്ചായത്ത്

33/5572/MC.

ഫെറോക്ക് സബ് ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതി മുതൽ
രണ്ടാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന പഞ്ചായത്ത് അതിർത്തികളിലെ
സർക്കാർ പണമിടപാടുകൾ പ്രസ്തുത ട്രഷറി മുഖേന സ്റ്റേററ് ബാങ്ക്
ഓഫ് ട്രാവൻകൂറിന്റെ ഫെറോക്ക് ശാഖയിൽ നടക്കുന്നതാണ്. എന്നാൽ
പെൻഷൻ, സേവിംഗ്സ് ബാങ്ക് എന്നിവയുടെ പണമിടപാടുകൾ ഈ
ട്രഷറിയിൽനിന്നും നേരിട്ടുതന്നെ നടത്തപ്പെടുന്നതാണ്. മുദ്രപ്പത്രങ്ങൾ,
സ്ററാമ്പുകൾ, കറുപ്പ്, ഗഞ്ചാവ് മുതലായവയും വില്പനയ്ക്കുള്ള ഫാറ
ങ്ങളും ഈ ട്രഷറിയിൽ നിന്നും വിതരണം ചെയ്യുന്നതാണ്. കൂടാതെ
ട്രഷറി കോഡ് 1–ാം വാല്യം 157–ഉം 158–ഉം ചട്ടങ്ങൾ അനുസരിച്ച്
ഡിപ്പാർട്ടുമെൻറ് ക്യാഷ് ചെസ്ററും മററു വിലപിടിപ്പുള്ള സാധനങ്ങളും
പുതിയ സബ് ട്രഷറിയിൽ സൂക്ഷിക്കുന്നതാണ്. മേൽ വിവരിച്ച പ്രദേ
ശാതിർത്തിക്കുള്ളിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള പണം ബന്ധ
പ്പെട്ട മേലധികാരികളുടെ പ്രത്യേകാനുമതി കൂടാതെ ഫെറോക്ക് സബ് ട്രഷറി
യിൽ കൂടിയല്ലാതെ മറെറാരു ട്രഷറിയിൽ നിന്നും നൽകുന്നതല്ല.

ഈ മേഖലയിലെ പേഴ്സണൽ ഡിപ്പോസിററ്, ലോക്കൽ ഫണ്ട് ഡിപ്പോ
സിററ്, ജുഡീഷ്യൽ ഡിപ്പോസിററ് മുതലായ അക്കൗണ്ടുകൾ അതാതു അഡ്മി
നിസ്ട്രേററർമാർക്ക് ഇപ്പോൾ ഇടപാടു നടന്നുവരുന്ന ട്രഷറികളുമായി
തുടർന്നു നടത്താവുന്നതും അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭിക്കുന്ന
മുറയ്ക്ക് ഫെറോക്ക് ട്രഷറിയിലേക്ക് മാററാവുന്നതുമാണ്. അതുപോലെ
തന്നെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മററും പേരിലുള്ള
ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ അവരവരുടെ താൽപര്യാനു
സരണം ഫെറോക്ക് സബ് ട്രഷറിയിലേയ്ക്ക് നിയമാനുസരണം മാററു
ന്നതുവരെ ഇപ്പോൾ ഇടപാടുകൾ നടന്നുവരുന്ന ട്രഷറികൾ മുഖേന തന്നെ
തുടർന്നു നടത്താവുന്നതാണ്. ഈ പ്രദേശങ്ങളിലെ മണിയോർഡർ ഒഴി
ച്ചുള്ള പെൻഷൻ വിതരണവും ഫെറോക്ക് ട്രഷറിയിലേയ്ക്ക് നിയമാനു
സരണം മാററുന്നതുവരെ പഴയതുപോലെതന്നെ തുടരുന്നതാണ്. എന്നാൽ
മണിയോർഡർ പെൻഷൻ ഫെറോക്ക് സബ് ട്രഷറി തുറന്നു പ്രവർത്തിക്കുന്ന
തീയതി മുതൽ തന്നെ ഇവിടേയ്ക്ക് മാററപ്പെടുന്നതാണ്. ഫെറോക്ക്
സബ് ട്രഷറിയുടെ അധികാര പരിധിയിൽ പ്പെടാത്ത സ്ഥാപനങ്ങൾക്ക് ഈ
ട്രഷറിയുമായി ഇടപാടു നടത്തണമെന്നുണ്ടെങ്കിൽ. അതിനു സർക്കാരിൽ
നിന്നോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽ നിന്നോ
പ്രത്യേകാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ആജ്ഞാനുസരണം,

ഡോക്ടർ ഡി. ബാബു പോൾ,

ധനകാര്യവകുപ്പു സെക്രട്ടറി.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1963.